بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*04 May 2012 ~ 12 Jamadul Aakhir 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഹസ്രത്ത് മുഹ്‌യിദ്ദീൻ (atba) തന്റെ എല്ലാ അനുചരന്മാർക്കും സമാധാനാഭിവാദ്യം നേർന്നു കൊണ്ടും, ഇന്ത്യ, ട്രിനിഡാഡ്, ടുബാഗോ എന്നീ രാജ്യങ്ങളെ പ്രത്യേകമായി സ്മരിച്ചു കൊണ്ടും തശ്ഹുദും തഅവ്വുദും സൂറ:അൽഫാത്തിഹായും ഓതിയ ശേഷം ഇപ്രകാരം പറഞ്ഞു.

കഴിഞ്ഞ ആഴ്ചയിലെ വെള്ളിയാഴ്ച പ്രഭാഷണത്തിന്റെ അതേ വിഷയം തന്നെയാണ് ഇന്നും ഞാൻ തുടർന്നു സംസാരിക്കാൻ പോകുന്നത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം കൊണ്ടു മാത്രമാണ്. ഇന്നത്തെ പ്രഭാഷണം തുടരുവാനുള്ള അറിവ്(ഇൽമ്) അല്ലാഹു എനിക്ക് വീണ്ടും വീണ്ടും ഇറക്കിത്തരുമാറാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. അൽഹം ദുലില്ലാഹ്( അല്ലാഹുവിനു സ്തുതി).

അല്ലാഹു തനിക്ക് ദീർഘായുസ്സു തരണമെന്ന് ഒരു മുസ്ലിം ആഗ്രഹിക്കുന്നുവെങ്കിൽ അവൻ ഇസ്ലാംമതം അനുശാസിക്കുന്ന ദൈനം ദിന ജീവിതവ്യവസ്ഥയ്ക്കു വഴിപ്പെടേണ്ടതുണ്ട്.ഇതിനായി ഒരു മുസ്ലിം നേരത്തെ എഴുന്നേൽക്കുകയും നേരത്തെ ഉറങ്ങുകയും വേണമെന്നത് മറ്റു പലതിന്റെയും കൂട്ടത്തിൽ അത്യാവശ്യമാണ്. ഒരു മുസ്ലിം പ്രഭാതത്തിനു മുൻപേ തന്നെ തന്റെ ദിനം ആരംഭിയ്ക്കുന്നു. കുറഞ്ഞ പക്ഷം നേരം പുലരുന്നതിനു മുൻപെങ്കിലും അവൻ ഉണർന്നിരിക്കണം. ഒട്ടനവധി ദൗർബല്യങ്ങളും വൈകല്യങ്ങളും എന്തിനു പറയണം പാപങ്ങൾ കൊണ്ടു പോലും നിറഞ്ഞേക്കാവുന്ന ഉച്ചസമയം, തന്നെ പിടികൂടും മുമ്പേ ഒരു യഥാർത്ഥ മുസ്ലിം നേരത്തെ ഉണർന്ന് പരിശുദ്ധനായ ശേഷം പ്രഭാതത്തെ സ്വാഗതം ചെയ്യുന്നു. അതു കൊണ്ടു തന്നെയാണ് നമ്മുടെ പ്രിയങ്കരനായ രക്ഷകനും പ്രവാചകനുമായ നബി(സ) എന്തു തന്നെ സംഭവിച്ചാലും ഏതു സാഹചര്യത്തിലായാലും അല്ലാഹുവിൽ നിന്നുള്ള പാപപ്പൊറുതിയ്ക്കായി തേടികൊണ്ടേയിരിക്കണം എന്ന മാതൃക കാട്ടിത്തന്നത്. കാരണം, മനുഷ്യാത്മാവ് തിന്മകൾക്കു വളരെയേറെ പ്രേരണ നൽകുന്നതാണ്, ശയ്ത്വാന്റെ കയ്യടക്കലിൽ നിന്നും അല്ലാഹുവിനാൽ സംരക്ഷിക്കപ്പെട്ട ആത്മാക്കൾ ഒഴികെ. അതിനാൽ മുസ്ലിംകൾ അവരുടെ ദിനത്തെ നേരത്തെ എതിരേല്ക്കുന്നു. ലോകത്തിനു ക്ഷേമവും സമൃദ്ധിയും ആശംസിക്കുമ്പോഴെല്ലാം പരിശുദ്ധ പ്രവാചകൻ(സ) വാഴ്ത്തി പറഞ്ഞിട്ടുള്ള ഒരു സദ്ഗുണം ഇതാണ്. പ്രായത്തിൽ കവിഞ്ഞ കഴിവോ ബുദ്ധിയോ എനിക്കോ എന്റെ ജനങ്ങൾക്കോ ഉണ്ടെങ്കിൽ അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്.

ഇന്നത്തെ മുസ്ലിംകളെ ബാധിച്ചിരിക്കുന്ന ഹാനികളിൽ അല്ലെങ്കിൽ തിന്മകളിൽ എടുത്തു പറയാവുന്ന ഒന്ന് അവരുടെ ദിനചര്യയിലും ദൈനം ദിന പദ്ധതിയിലും വന്നിട്ടുള്ള മാറ്റങ്ങളാണ്.അവർ രാത്രി ഏറെ നേരമിരിയ്ക്കുന്നു. വളരെ വൈകി ഇറങ്ങാൻ പോകുന്നു. ആയതിനാൽ അവർക്ക് പ്രഭാത പ്രാർത്ഥന നഷ്ടമാകുന്നു. ആദ്യകാല മുസ്ലിംകളിൽ ഒരാൾ ഇതു സംബദ്ധിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു. ‘ സൂര്യോദയ സമയത്തുള്ള പ്രാർത്ഥന അനുഷ്ഠിച്ചാൽ അന്നത്തെ ദിവസം നമുക്കു നേടിയെടുക്കാൻ കഴിയും, എന്നത് വിചിത്രമായ ഒരു യാഥാർത്ഥ്യമായി എനിക്കു തോന്നുന്നു’.

അബൂ ഹുറൈറ(റ) നിവേദനം ചെയ്തിട്ടുള്ള ഒരു ഹദീസിൽ ഹ:മുഹമ്മദുനബി(സ) ഇപ്രകാരം പറഞ്ഞിരിയ്ക്കുന്നു. നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾ ഓരോരുത്തരുടെയും തലയ്ക്കു പിറകു വശത്തായി ശയ്ത്വാൻ മൂന്നു കെട്ടുകൾ ഇടുന്നു. അവ ഓരോന്നിലും ശയ്ത്വാൻ ഇപ്രകാരം പറഞ്ഞ് ഊതുന്നു. രാത്രി ദൈർഘ്യമുള്ളതാണ്. അതു കൊണ്ട് ഉറങ്ങി കൊണ്ടേയിരിക്കുക. ആ വ്യക്തി നേരത്തെ ഉണർന്ന് അല്ലാഹുവിനെ സ്തുതിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നുവെങ്കിൽ അതിൽ ഒരു കെട്ട് അഴിക്കപ്പെടുന്നു. പ്രാർത്ഥനയ്ക്കായി അവൻ അംഗശുദ്ധി വരുത്തുമ്പോൾ (വുസു ചെയ്യുമ്പോൾ) രണ്ടാമത്തെ കെട്ട് അഴിയ്ക്കപ്പെടുന്നു. അവൻ പ്രാർത്ഥന ആരംഭിച്ചു കഴിയുമ്പോൾ എല്ലാ കെട്ടുകളും അഴിയ്ക്കപ്പെടുന്നു. അവന് ഊർജ്ജസ്വലതയോടെയും സന്തോഷത്തോടെയും ആ ദിനം ആരംഭിയ്ക്കാൻ കഴിയുന്നു. അല്ലെ ങ്കിൽ വിഷാദവും അലസവുമായ ഒരു മാനസികാവസ്ഥയിലായിരിക്കും അവൻ ഉണരുന്നതും ദിനം ആരംഭിയ്ക്കുന്നതും. ശയ്ത്വാന്റെ കെട്ടുകൾ അഴിയ്ക്കപ്പെട്ട മുസ്ലിമും കഴുത്തിനു ചുറ്റും ശയ്ത്വാന്റെ കെട്ടുകളുമായി നടക്കുന്ന മുസ്ലിമും തമ്മിലുള്ള അന്തരം എത്ര വലുതാണെന്നു നോക്കുക; ശയ്ത്വാന്റെ കെട്ടുകളിൽ നിന്നും മോചനം നേടിയവൻ സൂര്യോദയത്തിനു മുൻപേ തന്നെ അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടും പ്രാർത്ഥിച്ചു കൊണ്ടും ധ്യാനിച്ചു കൊണ്ടും തന്റെ ദിനത്തെ വരവേൽക്കുന്നു.

പ്രഭാതത്തിൽ വളരെ നേരത്തെ തന്നെ ജീവിതത്തിലെ അവസ്ഥാന്തരങ്ങളോടു പൊരുതുന്നതിൽ മുഴുകുന്നു. സ്വയം നല്ലവനെന്ന് അനുഭവപ്പെടുകയും സദാ ഉന്മേഷവാനും പ്രത്യാശ നിർഭരനുമായി കാണപ്പെടുകയും ചെയ്യുന്നു. ശയ്ത്വാന്റെ കെട്ടുകളോടു കൂടി നടക്കുന്നവനാകട്ടെ ഉച്ചസമയത്തും വളരെ നേരം ഉറങ്ങുന്ന സ്വഭാവത്തിലേക്കു വഴുതി വീഴുന്നു. ഒരു പ്രവൃത്തിയും ചെയ്യാൻ താത്പര്യമില്ലാത്ത അലസനായിപ്പോകുന്നതിൽ അവന്റെ കാൽവയ്പ്പുകൾ ഭാരിച്ചതായി തീരുന്നു. ഭാരിച്ച ശരീരവും അലസമായ ആത്മാവുമായി സ്വഭാവം വിരൂപമായിത്തീരുന്നു.

അല്ലാഹുവിനു സ്വയം അർപ്പണം ചെയ്തു കൊണ്ടാണ് ഒരു മുസലിം തന്റെ ദിനം ആരംഭിയ്ക്കുന്നത്. പ്രമുഖവും അല്ലാത്തതുമായ മതാചാര കർത്തവ്യങ്ങൾ നിറവേറ്റുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദു(സ)യുടെ അറിയപ്പെടുന്ന ഹദീസുകൾ പാരായണം ചെയ്യുന്നു. ഇത്തരുണത്തിൽ ഉദാഹരണമായി പറയാവുന്ന ഒരു ഹദീസ് ഇപ്രകാരമാണ്. ''ഞങ്ങൾക്കു കരഗതമായിട്ടുള്ള എല്ലാ കാര്യങ്ങളും ഞങ്ങൾ തന്നെയും അല്ലാഹുവിന്റെ സമ്പത്താണ്, അല്ലയോ, അല്ലാഹുവേ, ഞാൻ അങ്ങയോട് ഈ ദിവസത്തിന്റെ നന്മയക്കായി ചോദിക്കുന്നു. വിജയത്തിനും സഹായത്തിനും പ്രകാശത്തിനും അനുഗ്രഹങ്ങൾക്കും മാർഗ്ഗദർശനത്തിനും ഞാൻ അങ്ങയോടു തേടുന്നു. ഈ ദിനത്തിൽ കൂടിയിരിക്കുന്ന തിന്മകളിൽ നിന്നും ഞാൻ അങ്ങയെ അഭയം പ്രാപിക്കുന്നു. അതിനെ പിൻതുടർന്നു വരുന്ന തിന്മകളിൽ നിന്നും ഞാൻ അങ്ങയെ അഭയം പ്രാപിക്കുന്നു. ഓ ; എന്റെ നാഥാ ; ഞാൻ എവിടെയായിരുന്നാലും എന്റെ സുഖക്ഷേമൈശ്വര്യങ്ങൾക്ക് ഞാൻ അങ്ങയോടു കടപ്പെട്ടിരിക്കുന്നു, അങ്ങയോടു മാത്രം കടപ്പെട്ടിരിക്കുന്നു. അല്ലാഹുവേ; നിനക്കു സ്തുതി''.

ഹദീസിനു ശേഷം അവൻ വിശുദ്ധ ഖുർആനിൽ നിന്ന് അവന് ആവശ്യമുള്ള ഭാഗം പാരായണം ചെയ്യുന്നു. അതിന്റെ അർത്ഥം മനസ്സിലാക്കണം എന്ന ആഗ്രഹത്തോടു കൂടി ശ്രദ്ധാപൂർവ്വമായിരിക്കും പാരായണം. കാരണം അല്ലാഹു പറയുന്നു. ''ഇതു നാം നിനക്കു വെളിപ്പെടുത്തി തരുന്ന ഒരു അനുഗ്രഹീത ഗ്രന്ഥമാണ്. ആകയാൽ അവർ ഇതിലെ വരികൾ പര്യാലോചിക്കുകയും ബുദ്ധി ഉപയോഗിക്കുന്നവർ പരിചിന്തനം നടത്തുകയും ചെയ്യട്ടെ''.

ഖുർആൻ പാരായണത്തിനു ശേഷം അമിതമല്ലാത്ത രീതിയിൽ അവൻ പ്രഭാതഭക്ഷണം കഴിയ്ക്കുന്നു. ശേഷം ജീവിതമാർഗ്ഗം തേടി തന്റെ ജോലി സ്ഥലത്തേക്കു പോകുന്നു. സത്യസന്ധവും ന്യായവുമായ പരമാവധി പ്രവൃത്തികൾ ചെയ്യാൻ അവൻ പരിശ്രമിക്കുന്നു. തന്റെ ഭാഗധേയത്തെ പറ്റിയോ നേട്ടത്തെ പറ്റിയോ ഒട്ടും തന്നെ ചിന്തിക്കാതെയായിരിക്കും ആ പ്രവൃത്തികൾ. മേൽനോട്ടം വഹിക്കലും നിയന്ത്രിക്കലുമാണ് ജോലിയെങ്കിൽ പോലും അവൻ നിസ്വാർത്ഥനായിരിക്കും. കാരണം. നിയന്ത്രണം ഇല്ലാത്ത വസ്തുക്കൾ കളവിലേക്കു നയിക്കും. അതിനാൽ ഇസ്ലാം അന്യായപ്പലിശ വാങ്ങുന്നത് വിലക്കിയിരിക്കുന്നു. കാരണം, അദ്ധ്വാനമോ ഭാഗഭാഗിത്വമോ മുൻകൈയ്യെടുക്കലോ കൂടാതെ പണം തന്നെ പണത്തെ ഉത്പാദിപ്പിക്കുന്ന ഒരു വ്യവസ്ഥയാണത്. പലിശ മുതൽ വാങ്ങി ശീലമുള്ള വ്യക്തി തന്റെ മുതലാളി കസേരയിൽ സുഖമായി കുടുങ്ങിയിരിന്നു പോകുന്നു. നൂറു നോട്ടുകൾ ആയിരമാകുമെന്നും ആയിരം നോട്ടുകൾ നൂറായിരം നോട്ടുകൾ ആകുമെന്നും അവനുറപ്പാണ്. സ്വയം ഒരു ഉത്തരവാദിത്വം ഏൽക്കേണ്ടതില്ല. ഈ രീതി ഇസ്ലാം മതം മനുഷ്യനോടു കാണിച്ചിരിക്കുന്ന സമീപനത്തിനു വിരുദ്ധമാണ്. അദ്ധ്വാനിക്കുവാനും ഭൂമിയെ നിബിഡമാക്കുവാനുമാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു നാം നിന്നെ മണ്ണിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു നാം നിന്നെ ഭൂമിയിലെങ്ങും വ്യാപരിക്കുന്ന മനുഷ്യനാക്കി തീർത്തിരിക്കുന്നു.

ഒരു വ്യക്തി തന്റെ ജീവിതത്തിന്റെ അധികം ഭാഗവും കൊടുക്കുവാനാണ് ശീലിക്കേണ്ടത്. ഭൂമിയുടെ ഉത്പന്നങ്ങൾ ഒട്ടനവധി അവൻ ഉപയോഗിക്കുന്നു. അതു കൊണ്ടു തന്നെ ഭൂമിയ്ക്കു തിരിച്ചു നല്കുക എന്നത് അവന്റെ ബാധ്യതയാണ്. അദ്ധ്വാനിക്കാതെ ഭക്ഷണം കഴിക്കുന്നതും അലസമായിരിക്കുന്നതും മനുഷ്യൻ ഒഴിവാക്കണം. അല്ലാഹുവിന്റെ ആരാധനയിൽ സ്വയം മുഴുകിയിരിക്കുക്കയാണ് എന്ന ഒഴികഴിവോടു കൂടിയുള്ള വെറുതെയിരിക്കലും ഇസ്ലാം അനുവദിക്കുന്നില്ല. കാരണം ഇസ് ലാം മതത്തിൽ ആശ്രമജീവിത സമ്പ്രദായം ഇല്ല. ഇഹലോകത്തിൽ അത്യന്തം നീചമായ കാര്യം അലസത അഥവാ നിഷ്ക്രിയത്വമാണ്. തൊഴിൽ രഹിതനായ ഒരു വ്യക്തി തന്റെ വിശ്വാസം വർദ്ധിപ്പിക്കാനെന്ന വ്യാജേന മറ്റെന്തെങ്കിലും കാര്യങ്ങളിലേക്കു തന്റെ ശ്രദ്ധ തിരിയ്ക്കാൻ ശ്രമിക്കുന്ന, ഒരു മാറ്റത്തിനായി അന്വേഷിക്കുന്നു. അവൻ കാഴ്ചയിൽ ശൂന്യനായി കാണപ്പെടുന്നു.എന്നാൽ അവന്റെ ഹൃദയം ശൂന്യമല്ല.എന്തെന്നാൽ ശയ്ത്വാൻ അതിൽ കൂടു കെട്ടുന്നു.മുട്ടയിടുകയും പെരുകുകയും ചെയ്യുന്നു.ഈ പ്രത്യുല്പാദനം മറ്റേതൊരു ജീവിയെക്കാളും വേഗത്തിലായിരിക്കും. ഏതെങ്കിലും പ്രവൃത്തിയാൽ മറ്റുള്ളവർക്ക് ഒരു സേവനവും ചെയ്തിട്ടില്ലാത്ത വ്യക്തിയാണ് തന്റെ സേവനത്തെ അനുചിതമായും അർഹമല്ലാത്ത രീതിയിലും എടുത്തു കാട്ടാൻ ശ്രമിക്കുന്നത്. ഇക്കൂട്ടരെ കൊണ്ട് മറ്റുള്ളവർക്ക് ഒരു പ്രയോജനവും ഇല്ലെന്നു മാത്രമല്ല അവർ മറ്റുള്ളവരുടെ ജീവിതത്തിൽ

അനാവശ്യമായി ഇടപ്പെട്ടു തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. എല്ലാ തരത്തിലുമുള്ള സമതുലിതാവസ്ഥയെയും തകിടം മറിച്ചു കൊണ്ട് എന്തൊക്കെയോ നേടാൻ ശ്രമിക്കുന്നു. ഇക്കാരണത്താലാണ് ഹ.ഉമർ(റ)ആരെ എപ്പോൾ കണ്ടാലും നിങ്ങൾ ജോലി ചെയ്യുന്നവനാണോ? എന്ന ചോദ്യം ചോദിച്ചിരുന്നത്. ഉത്തരം ഇല്ല എന്നാണെങ്കിൽ ആ വ്യക്തിക്ക് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഒരു മൂല്യവുമുണ്ടായിരുന്നില്ല.

ഒരു മുസ്‌ലിം ഈ ഭൂമിയിൽ ചെയ്യുന്ന ഓരോ പ്രവൃത്തിയെയും ആരാധനയായിട്ടാണു കാണേണ്ടത്. അതൊരു ജിഹാദാണ്. ഓരോ പ്രവൃത്തിയും അങ്ങേയറ്റം വിശ്വാസത്തോടും ആത്മാർത്ഥതയോടും കൂടി വേണം ചെയ്യുവാൻ. ഒപ്പം അല്ലാഹുവിനെ സ്തുതിക്കുന്നതിൽ നിന്ന് അവൻ പിന്മാറാനും പാടില്ല. സത്യസന്ധതയോടെയും കാര്യഗൗരവുമായും ദൈവാരാധനയിൽ അവൻ അർപ്പണം ചെയ്തിരിക്കണം. അപ്പോഴാണ് ആ പ്രവൃത്തി യഥാർത്ഥ ജിഹാദ് ആകുന്നത്. ജോലിയിൽ മുഴുകുക എന്നത് ഒരു മുസ്‌ലിമിന്റെ പവിത്രമായ കടമയാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദു നബി (സ) ഇതു വ്യക്തമാക്കിയിട്ടുണ്ട്. ‘‘എല്ലാ കാര്യങ്ങളിലേയും നന്മ അല്ലാഹുവിനാൽ എഴുതപ്പെട്ടിരിക്കുന്നു’’. മറ്റൊരു ഹദീസിൽ പറയുന്നു. നിങ്ങൾ ഒരു പ്രവൃത്തിയിൽ വ്യാപൃതനായിരിക്കുമ്പോൾ അത് അങ്ങേയറ്റം അർപ്പണ മനോഭാവത്തോടെ ചെയ്യുന്നതാണ് അല്ലാഹു ഇഷ്ടപ്പെടുക. ഒരു മുസ്‌ലിം മറക്കുവാനോ അവഗണിക്കുവാനോ പാടില്ലാത്ത ചില ദൈനംദിന കർത്തവ്യങ്ങൾ ഉണ്ട്. സമൂഹത്തോടുള്ള കടമയാണ് അവയിലൊന്ന്. നിത്യവൃത്തിക്കായി ബുദ്ധിമുട്ടുന്ന ജനങ്ങളെ കഴിവു പോലെ സഹായിക്കുക. അടിയന്തിര ഘട്ടങ്ങളിലും അപകടങ്ങളിലും രക്ഷയ്ക്കായെത്തുക.ആശ്വസിപ്പിക്കുക. ഇപ്രകാരം സാർവ്വത്രിക സ്നേഹ പ്രവൃത്തികൾ ചെയ്യുക.

ഹ.അബൂ മൂസാ(റ) നിവേദനം ചെയ്തിരിക്കുന്ന ഒരു ഹദീസിൽ ഹ. മുഹമ്മദു നബി(സ) ഇപ്രകാരം പറയുന്നു. ദീനദയാലുത്വഭാവം അഥവാ സാർവ്വത്രിത സ്നേഹവും ദാനധർമ്മവും ഓരോ മുസ്‌ലിമിന്റെയും നിർബന്ധ കടമയാണ്.അതിനു കഴിവില്ലാത്തവൻ എന്തു ചെയ്യണം എന്ന ചോദ്യത്തിനു നബി(സ)യുടെ മറുപടി അവൻ എന്തെങ്കിലും കായികാധ്വാനം ചെയ്യട്ടെ എന്നായിരുന്നു. അങ്ങനെയായാൽ അതവനും ഗുണം ചെയ്യും. ദാനം ചെയ്യാനും കഴിയും. കായികാധ്വാനം ചെയ്യാൻ കഴിവില്ലാത്തവൻ എന്തു ചെയ്യണം? നബി(സ) മറുപടി പറഞ്ഞു. അവൻ സഹായമാവശ്യമുള്ളവരെയും ദു:ഖിതരായവരെയും തുണയ്ക്കട്ടെ. അതിനും കഴിവില്ലാത്തവൻ എന്തു ചെയ്യണം? നബി(സ) പറഞ്ഞു. അവൻ മാന്യവും നന്മ നിറഞ്ഞതുമായ പ്രവൃത്തികൾ ആധികാരികമായി ആവശ്യപ്പെടട്ടെ. അതിനും കഴിവില്ലാത്തവൻ എന്തു ചെയ്യണം നബി(സ) പറഞ്ഞു. അവൻ തിന്മയിൽ നിന്നും അകന്നു നിൽക്കട്ടെ. കാരണം അത് അവനു വേണ് ടിയുള്ളതാണ്. അവന്റെ കയ്യിൽ തന്നെയാണ്.

ഈ സർവ്വത്രിക സ്നേഹം അല്ലെങ്കിൽ സാമൂഹിക ഉദ്ധാരണം ഒരു മുസ്‌ലിം ഓരോ ദിവസവും ചെയ്യാൻ ബാധ്യസ്ഥനാണ്. അവനിൽ ചുമത്തപ്പെട്ടരിയ്ക്കുന്ന കടമയാണത്. ഇതിനെ പറ്റി ആധികാരികമായ ഒരു ഹദീസു തന്നെയുണ്ട്.- സൂര്യോദയം മുതൽ ഒരു ദിനത്തിലെ ഓരോ നിമിഷവും ചെയ്തിരിക്കേണ്ട ഒരു കടമയാണ് ദാനധർമ്മം (ദീനദയാലുത്വം). അങ്ങനെ ഒരു മുസ്‌ലിം നന്മയും സദ്ഗുണവും സമാധാനവും ഒഴുകികൊണ്ടിരിക്കുന്ന ഒരു ഉറവിടമായി മാറുന്നു. അതു മുഖേന അവനു ചുറ്റുമുള്ളവർക്കും നേട്ടമുണ്ടാകുന്നു. നിയമപരമായ വിനോദങ്ങളിൽ ഏർപ്പെടുന്നത് ഒരു മുസ്‌ലിമിനു വിലക്കപ്പെട്ടിട്ടില്ല. രാത്രിയായാലും പകലായാലും അതു ധാർമ്മിക പരിമിതികൾക്കുള്ളിൽ നിൽക്കണം എന്നു മാത്രം ഇതിനു ചില നിയമപരിധികൾ വിധിയ്ക്കപ്പെട്ടിരിക്കുന്നു. ആരാധിയ്ക്കപ്പെടേണ്ടവൻ എന്ന അല്ലാഹുവിന്റെ അവകാശം ലംഘിയ്ക്കപ്പെടാൻ പാടില്ല. അഥവാ ദൈവാരാധനയിൽ ഒരു മുടക്കവും വരരുത്. മറ്റു മുസ്‌ലിംകളുടെ സുഖനിദ്രയ്ക്ക് വിഘ്നം വരുത്തരുത്. സ്വന്തം ശരീരത്തിനും വിശ്രമം നൽകണം. അവന്റെ കുടുംബത്തെ സംരക്ഷിക്കുന്നതിൽ വിഘ്നം വരരുത്. ആത്മാർത്ഥതയോടെ ജോലി ചെയ്യാറുള്ള അവന്റെ അവകാശത്തിനു വിഘ്നം വരരുത്. മറ്റു ജനങ്ങളുടെ അവകാശങ്ങൾ ഒന്നും തന്നെ ലംഘിയ്ക്കപ്പെടരുത്.

‘‘അല്ലാഹുവേ, നീ ഞങ്ങളെ എല്ലായ്പ്പോഴും ശരിയായ പാതയിലൂടെ നയിക്കേണമേ, ഞങ്ങളുടെ ഈമാനെ (വിശ്വാസത്തെ) ദൃഢപ്പെടുത്തി തരേണമെ എന്നു നാം തീർച്ചയായും പ്രാർത്ഥിച്ചു കൊണ്ടിരിക്കേണ്ടതാണ് ’’.(ഇൻശാ അല്ലാഹ്, ആമീൻ.)

*Translated by:* *Dr. Haseena M. Fazil*
*Issued by:* *R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam Kerala*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*